Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം.കൈറ്റ്/2025/1562 (90) തീയതി: 29.09.2025

# സർക്കുലർ

**വിഷയം:-കൈറ്റ് - ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്ക് റീൽസ് മത്സരം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്**

സംസ്ഥാനത്തെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്ക് വീഡിയോ നിർമാണത്തിൽ പ്രത്യേക പരിശീലനം നൽകുന്നുണ്ട്. മികച്ച രീതിയിൽ വീഡിയോ തയ്യാറാക്കുന്ന യൂണിറ്റുകൾക്കായി കൈറ്റ്-വിക്ടേഴ്സ് പ്രത്യേക റീൽസ് മത്സരം നടത്തുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. "എന്റെ സ്കൂൾ എന്റെ അഭിമാനം" എന്നതാണ് വിഷയം. മികച്ച റീലുകൾക്ക് സംസ്ഥാന തലത്തിൽ പ്രത്യേക ആദരവ് നൽകും. ഇതിനു പുറമെ സംസ്ഥാന തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 100 സ്കൂളുകൾക്ക് 5,000/- രൂപ കാഷ് അവാർഡ് നൽകും. മത്സരത്തിൽ പങ്കെടുക്കുന്നതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. സ്കൂളിന്റെ മികവ്, വ്യത്യസ്തമായ പ്രവർത്തനങ്ങൾ, അക്കാദമിക് മാതൃകകൾ, ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ ഫലപ്രദമായ വിനിയോഗം തുടങ്ങിയവ റീൽസിൽ ഉൾപ്പെടുത്തേണ്ടതാണ്.
2. ആങ്കറിങ്, ഇന്റർവ്യൂകൾ, വീഡിയോയിൽ ഉൾപ്പെടുത്തുന്ന കാര്യങ്ങൾ തുടങ്ങിയവ കുട്ടികൾ തന്നെയാവണം നിർവഹിക്കേണ്ടത്. സ്വന്തം സ്കൂളിന് പുറമെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ ഇല്ലാത്ത സമീപ പ്രദേശത്തെ സ്കൂളുകളെയും റീൽസ് എടുക്കുന്നതിന് തിരഞ്ഞെടുക്കാവുന്നതാണ്. ഇതിൽ എൽപി - യുപി സ്കൂളുകൾക്ക് മുൻഗണന നൽകേണ്ടതാണ്.
3. ഒരു സ്കൂളിനെക്കുറിച്ച് 90 സെക്കന്റിൽ കൂടാത്തവിധം ഒരു റീൽ മാത്രമേ തയ്യാറാക്കാവൂ. രണ്ടാമത് ഒന്നു കൂടി ചെയ്യുമ്പോൾ അത് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഇല്ലാത്ത മറ്റൊരു സ്കൂളിനെക്കുറിച്ച് ആവണം.
4. റീൽസ് വെർട്ടിക്കലായി വേണം ഷൂട്ട് ചെയ്യാൻ. കൈറ്റ് ജില്ലാ ഓഫീസുകൾ/കൈറ്റിന്റെ വെബ്സൈറ്റ് മുഖേന ലഭ്യമാക്കുന്ന എൻഡ് കാർഡ് ആയിരിക്കണം വീഡിയോയിൽ ഉപയോഗിക്കേണ്ടത്.
5. റീലുകൾ സ്കൂളിന്റെ സാമൂഹിക മാധ്യമ പേജിൽ (ഇൻസ്റ്റഗ്രാം, ഫെയ്സ്ബുക്ക് തുടങ്ങിയവ) പോസ്റ്റ് ചെയ്ത് കൈറ്റ് വിക്ടേഴ്സ് ചാനലിനെ ടാഗ് ചെയ്യണം (#എന്റെസ്കൂൾഎന്റെഅഭിമാനം, #MySchoolMyPride, #victerseduchannel എന്നീ ഹാഷ്ടാഗിൽ വേണം അവരവരുടെ പേജിൽ പോസ്റ്റ് ചെയ്യാൻ).

6. തിരഞ്ഞെടുക്കുന്ന റീലുകൾ കൈറ്റ്-വിക്ടേഴ്സ് ചാനലിൽ സംപ്രേഷണം ചെയ്യുന്നതിനും, കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും കൈറ്റ് വിക്ടേഴ്സ് ചാനലിന്റെയും സോഷ്യൽ മീഡിയ പേജുകളിൽ അപ്‌ലോഡ് ചെയ്യുന്നതിനും അവകാശം കൈറ്റ് വിക്ടേഴ്സിന് ഉണ്ടായിരിക്കും.

7. കൈറ്റ് നിയോഗിക്കുന്ന പ്രത്യേക ജൂറി ആയിരിക്കും മികച്ച റീലുകളെ തിരഞ്ഞെടുക്കുക. ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും.

8. മത്സരത്തിന് പരിഗണിക്കേണ്ട റീലുകൾ സ്കൂൾ പ്രഥമാധ്യാപകർ 2025 ഒക്ടോബർ 9 നകം 8714323499 എന്ന വാട്സ്ആപ്പ് നമ്പരിൽ ഡോക്യുമെന്റായി അയയ്ക്കേണ്ടതാണ്. (caption ആയി സ്കൂളിന്റെ പേരും ജില്ലയും ഇംഗ്ലീഷിൽ ചേർക്കേണ്ടതാണ്)

9. റീലുകൾ 50 MB size ൽ കൂടാത്തവിധം MP4 ഫോർമാറ്റിൽ ആയിരിക്കണം അപ്‌ലോഡ് ചെയ്യേണ്ടത്.

10. വീഡിയോയുടെ ഫയൽ നെയിമിൽ ആദ്യം ജില്ലയുടെ പേരും പിന്നെ സ്കൂൾ കോഡും ചേർന്നാവണം നൽകേണ്ടത് (ഉദാ: ഗവ. എച്ച്.എസ്.എസ് പനമറ്റം, കോട്ടയം തയ്യാറാക്കുന്ന ഒന്നാമത്തെ റീലിന്റെ ഫയൽ നെയിം - Kottayam32065_1).

എല്ലാ ലിറ്റിൽ കൈറ്റ്സ് യൂണിറ്റും റീൽസ് തയ്യാറാക്കി കൈറ്റ് വിക്ടേഴ്സിലേക്ക് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങളും സഹായങ്ങളും അതത് കൈറ്റ് -മാസ്റ്റർ ട്രെയിനർമാർ ഉറപ്പുവരുത്തേണ്ടതാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേക്ക്
എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ-മാർക്കും
എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
എല്ലാ മാസ്റ്റർ ട്രെയിനർമാർക്കും
എല്ലാ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്കും - ജില്ലാ കോർഡിനേറ്റർ മുഖാന്തിരം
അക്കാഡമിക് വിഭാഗം/അക്കൗണ്ട്സ് വിഭാഗം
സ്റ്റോക്ക് ഫയൽ